**Mental Health Care Act, 2017**

1. മാനസിക രോഗവും ശാരീരികരോഗവും ഒരേപോലെ കരുതേണ്ടവയാണ് എന്ന് നിങ്ങൾക്ക് അഭിപ്രായമുണ്ടോ ?
2. മാനസിക രോഗികൾ മറ്റുള്ളവർക്ക് അപായം ഉണ്ടാക്കാനുള്ള സാധ്യത എത്രത്തോളമാണ് ?
3. മനോരോഗ ചികിത്സാ കേന്ദ്രങ്ങളിൽ ഉള്ളവർക്ക് നൽകപ്പെടുന്ന ചികിത്സ ശാരീരിക രോഗം ബാധിച്ചവർക്ക് നൽകുന്ന ചികിത്സയിൽ നിന്ന് എങ്ങനെയാണ് വ്യത്യാസം ആയിരിക്കുന്നത് ?
4. മാനസിക രോഗികളെ പലപ്പോഴും പരിഹാസത്തോടെ കാണുന്നു ഇക്കാര്യത്തിൽ സമൂഹത്തിന്റെ കാഴ്ചപ്പാട് മാറണം എന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഉണ്ടെങ്കിൽ അതിന് എന്ത് ചെയ്യാൻ പറ്റും ?
5. ശാരീരിക രോഗങ്ങളിൽ നിന്ന് വ്യത്യസ്തമായി മാനസിക രോഗങ്ങളെ അവമതിപ്പോടെ കാണുന്ന സമീപനം എന്തുകൊണ്ടാണ് ?
6. മാനസിക രോഗങ്ങളോടുള്ള ഈ സമീപനം മാറ്റുന്നതിനായി നടത്തുന്ന എന്തെങ്കിലും പ്രവർത്തനങ്ങൾ താങ്കളുടെ ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടെങ്കിൽ വിശദമാക്കുക ?
7. താങ്കളുടെ ഏറ്റവും അടുത്തായി മനോരോഗ ചികിത്സ ലഭിക്കുന്ന സ്ഥാപനം ഏതാണ് ?
8. താങ്കളുടെ ഏറ്റവും അടുത്തായി സർക്കാർ മേഖലയിലുള്ള മാനസികരോഗ ചികിത്സാ സൗകര്യമുള്ള ആശുപത്രി ഏതാണ്? അവിടേക്ക് എത്ര ദൂരമുണ്ട് ?
9. സർക്കാർ മേഖലയിലുള്ള ഏതെങ്കിലും മാനസികരോഗ ചികിത്സാ കേന്ദ്രം സന്ദർശിച്ചിട്ടുണ്ടോ ? ചികിത്സ സൗകര്യത്തെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?
10. മാനസിക രോഗം ഭേദമായാലും രോഗിക്ക് സമൂഹത്തിൽ മറ്റുള്ളവരെ പോലെ ജീവിച്ചു പോകാൻ എന്തുകൊണ്ട് തടസ്സമുണ്ടാകുന്നു ?
11. നമ്മുടെ നാട്ടിൽ മാനസിക രോഗ ചികിത്സ സംബന്ധിച്ച എന്തെങ്കിലും നിയമം ഉള്ളതായി അറിയാമോ? ഇപ്പോൾ നിലവിലുള്ള നിയമം ഏതാണ്?
12. മാനസിക രോഗികൾക്ക് സ്വന്തം ചികിത്സയെപ്പറ്റി തീരുമാനമെടുക്കാൻ അവകാശം നൽകുന്നത് സംബന്ധിച്ച് താങ്കളുടെ അഭിപ്രായമെന്താണ് ?
13. മാനസികരോഗം ബാധിച്ച ആളുകളുടെ മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്നു എന്ന് താങ്കൾക്ക് തോന്നുന്നുണ്ടോ ഉണ്ടെങ്കിൽ ഏതെല്ലാം തരത്തിൽ?
14. ഇത്തരം മനുഷ്യാവകാശ ലംഘനങ്ങൾ തടയുന്നതിന് നിയമപരമായി എന്തെങ്കിലും സംവിധാനങ്ങൾ ഉള്ളതായി അറിയാമോ ?
15. താങ്കളുടെ അഭിപ്രായത്തിൽ മാനസികരോഗം ബാധിച്ച ഒരാളെ ഏത് അവസര ത്തിലാണ് നിർബന്ധിതമായി ചികിത്സയ്ക്ക് വിധേയമാക്കേണ്ടത്?
16. നിർബന്ധിത ചികിത്സയ്ക്ക് വിധേയനാകുന്ന ഒരു രോഗിക്ക് ഇക്കാര്യത്തിൽ പരാതിപ്പെടാൻ അവകാശം ഉണ്ടോ എങ്കിൽ ആരോടാണ് പരാതിപ്പെടേണ്ടത്?
17. മാനസികരോഗം ബാധിച്ച ഒരാൾക്ക് അയാളുടെ നിയമപരമായ അവകാശങ്ങൾ നേടുന്നതിനുവേണ്ടി ആവശ്യമായ നിയമ സഹായം സൗജന്യമായി ലഭ്യമാണ് .
    അത് എവിടെ നിന്നാണ് എന്നറിയാമോ?
18. മാനസികരോഗം ഭേദപ്പെട്ടാലും രോഗികളെ പലപ്പോഴും ബന്ധുക്കൾ സ്വീകരിക്കുന്നില്ല . നിങ്ങളുടെ അഭിപ്രായത്തിൽ ഇത് എന്തുകൊണ്ട് സംഭവിക്കുന്നു?